ഫാറസ്റ്റിന്റെ ഏരിയായിൽ താമസിക്കുന്ന മലവർഗ്ഗക്കാർ.

* 1348. [33] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാറസ്റ്റിന്റെ ഏരിയായിൽ ഗിരിവർഗ്ഗക്കാരായ വനംകുടികളും താമസിക്കുന്നിടത്തു മറുള്ളവർക്കുടി പ്രവേശിച്ചു് വനഭൂമി കൈവശപ്പെടുത്തുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനെ ഫലപ്രദമായി തടയുന്നതിനു് അവശ്യമായിട്ടുള്ള എന്തൊക്കെ നടപടികളാണു് ഫാറസ്റ്റിന്റെ ഡിപ്പാർട്ടുമെന്റു് അവിഷ്കരിച്ചിട്ടുള്ളതെന്നു് വ്യക്തമാക്കുവാൻ മയവുണ്ടാകുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്) :

(എ) ഉണ്ടു്.

(ബി) ഇപ്രകാരമുള്ള കയ്യേറ്റത്തെ തടയുന്നതിനു് നിയമാനുസരണമുള്ള നടപടികളും എടുത്തുവരുന്നുണ്ടു്.

ഡാഡ്ജ് വാഹനങ്ങളും വാങ്ങിയതിൽ വന്ന നഷ്ടം.

* 1349. [34] ശ്രീ. എം. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1946-ൽ സംസ്ഥാനത്തേക്കു ഡാഡ്ജുവാഹനങ്ങളും വാങ്ങുന്നതിനു ഗവണ്മെന്റു് ഉത്തരവു് കൊടുത്തിരുന്നോ ; കൊടുത്തിരുന്നെങ്കിൽ എത്രയാണു് ;

(ബി) ആർഡർ കൊടുത്ത എല്ലാ വാഹനങ്ങളും കിട്ടിയോ; ഇല്ലെങ്കിൽ അതു പർച്ചേസിൽ എത്ര രൂപ നഷ്ടം വന്നിട്ടുണ്ടു് ;

(സി) ഇക്കാര്യത്തെക്കുറിച്ചു് പബ്ലിക് അക്കൗണ്ടുസ് കമ്മിറ്റി എന്തഭിപ്രായമാണു് രേഖപ്പെടുത്തിയിട്ടുള്ളതു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസു്) :

(എ) കൊടുത്തിരുന്നു. 110 എണ്ണം.

(ബി) ഇല്ല. 3,58,780 രൂപാ നഷ്ടം വന്നിട്ടുണ്ടു്.

(സി) 1955-56-ലെ പബ്ലിക് അക്കൗണ്ടുസ് കമ്മിറ്റിയുടെ അഭിപ്രായം മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

കുടുംബവ്യവസായ മിനിമം വേജസ് റിവൈസിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടു്.

* 1350. [35] ശ്രീ. ആർ. ഗോപിദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബവ്യവസായത്തിൽ ഏർപ്പെടുത്തിയ മിനിമം വേജസ് റിവൈസിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടു് ഗവണ്മെന്റിൽ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു് എപ്പോൾ പ്രസിദ്ധീകരിക്കും ?

† Please see Appendix V.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

കൃഷിമന്ത്രി അമേരിക്കയിൽ വച്ചുനടത്തിയ ചർച്ചകൾ.

* 1351. [36] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുമാനപ്പെട്ട കൃഷിമന്ത്രി 1959-ഏപ്രിൽമാസത്തിൽ അമേരിക്കയിൽ പോയപ്പോൾ അമേരിക്കയുമായി, എന്തെല്ലാം ചർച്ചകൾ കേരളത്തിനു വേണ്ടി നടത്തുകയുണ്ടായി ;

(ബി) ഈ യാത്രകൊണ്ടും ചർച്ചകളുടെ ഫലമായും നമുക്കുണ്ടായിട്ടുള്ള ഗുണങ്ങൾ എന്തെല്ലാം ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്) :

(എ) അമേരിക്കൻഗവർമെന്റിലും, അമേരിക്കൻ മിഷ്യൻസ് അസോസിയേഷൻ ഭാരവാഹികളും പങ്കെടുത്ത ഒരു കോൺഫറൻസിൽവച്ച് അമേരിക്കൻ കൃഷിയുടെ സ്ഥിതിയെപ്പറ്റിയും കേരളത്തിനു് അവിടെനിന്നു സാധ്യതകളെപ്പറ്റിയും ചർച്ച ചെയ്യുകയുണ്ടായി.

(ബി) അമേരിക്കൻകൃഷിയുടെ യഥാർത്ഥസ്ഥിതി മനസ്സിലാക്കുന്നതിനും, അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ അടിയന്തിര ആവശ്യങ്ങൾ കേന്ദ്രത്തെ അറിയിക്കുന്നതിനും സാധിച്ചതിനു പുറമെ അമേരിക്കയിൽനിന്നും അവിടുന്നുള്ള ചില എക്സ്പോർട്ടുകൾ ചെയ്യാനും സാധിച്ചു.

മൊബൈൽ ഹോസ്പിറ്റലുകൾ.

* 1352. [37] ശ്രീ. എം. കുഞ്ഞുകൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ എത്ര മൊബൈൽഹോസ്പിറ്റലുകളാണ് ഈ സ്റ്റോറിൽ സ്ഥാപിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നത് ;

(ബി) തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ എവിടെയാണ് ഈ വർഷം മൊബൈൽ ഹോസ്പിറ്റൽ സ്ഥാപിക്കാൻ നിശ്ചയിച്ചിരിക്കുന്നത് ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ കാഞ്ഞിരംകുളത്ത് ഒരു മൊബൈൽഹോസ്പിറ്റൽ സ്ഥാപിക്കണമെന്നും അതിനു് ആവശ്യമായ സ്ഥലം സംഭാവനയായി നൽകാമെന്നും കാഞ്ഞിരംകുളം പഞ്ചായത്ത് മുഖാന്തരം നടത്തിയ നിവേദനത്തിന്മേൽ എന്തു നടപടി ഗവണ്മെന്റ് സ്വീകരിച്ചു ;

(ഡി) കാഞ്ഞിരംകുളം പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ അവിടെ ഒരു മൊബൈൽഡിസ്പെൻസറി തുടങ്ങുന്നതിലേക്കു നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഈ വർഷം കാഞ്ഞിരംകുളത്ത് ഒരു മൊബൈൽ ഹോസ്പിറ്റൽ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly